CONSUMERFED

Kerala State Co.operative Consumers' Federation Ltd.
Gandhi Nagar, Ernakulam, Kochi-682 020
Tel: 2203507, 2203652, 2203256 Fax: 91-484-2203796
E-mail:econsumerfed@gmail.com, Website:
www.consumerfed.net

CFED/ESD-4/79/2021-22 28.10.2021

# സർക്കുലർ-3/2021

**വിഷയം:- ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് ആവശ്യമുള്ള രേഖകൾ സംബന്ധിച്ച്**

****

കൺസ്യൂമർഫെഡിലെ പെർമനൻറ്/കൺസോളിഡേറ്റഡ് വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് ആശ്രിത നിയമന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനായി താഴെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതുണ്ട്.

**ആശ്രിത നിയമനത്തിന് അപേക്ഷിക്കുമ്പോൾ ആവശ്യമുള്ള രേഖകൾ**

1. ഫോം എ (ഫോം 'എ' യിൽ രേഖപ്പെടുത്തിയിരിക്കുന്ന മരിച്ച് പോയ ജീവനക്കാരൻ ജോലി ചെയ്തിരുന്ന തസ്തിക, ജോയിനിംഗ് ഡേറ്റ്, അപേക്ഷകൻ 'സെയിത്സ് ഹെൽപ്പർ' തസ്തികയിലേക്കാണ് അപേക്ഷിക്കുന്നത് എന്നിവ രേഖപ്പെടുത്തിയതിൻെറ ആധികാരികത ഉറപ്പ് വരുത്തുക.)
2. ഫോം ബി (ഫോം 'ബി'യിൽ പരേതൻെറ ആശ്രിതരായിട്ടുള്ള എല്ലാവരും പേരെഴുതി ഒപ്പ് വച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.)
3. ആറ് മാസത്തിനുള്ളിലുള്ള സ്വഭാവ സർട്ടിഫിക്കറ്റ് - 2 NOS. (ഒറിജിനൽ)
4. ഫിസിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് - 1 NO (ഒറിജിനൽ)
5. അനന്തരാവകാശ സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
6. മരണസർട്ടിഫിക്കറ്റ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
7. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പ്)
8. നോട്ടറി സാക്ഷ്യപ്പെടുത്തിയ അഫിഡവിറ്റ് (ഒറിജിനൽ)
9. അപേക്ഷകൻ/അപേക്ഷക, പരേതൻറ/പരേതയുടെ ജീവിതപങ്കാളിയാണെങ്കിൽ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ നോൺ റീമാര്യേജ് സർട്ടിഫിക്കറ്റ് - (ഒറിജിനൽ)
10. അപേക്ഷകൻ/അപേക്ഷക, പരേതൻറ/പരേതയുടെ മകൻ/മകൾ ആണെങ്കിൽ വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിവാഹിതൻ/വിവാഹിത അല്ല എന്നുള്ള സർട്ടിഫിക്കറ്റ്
11. അപേക്ഷകൻ/അപേക്ഷക (മകൻ/മകൾ) വിവാഹിതയാണെങ്കിൽ തഹസിൽദാറിൽ നിന്നുള്ള സഹകരണ നിയമം ചട്ടം 188 എ(4), (5) എന്നിവ പ്രകാരമുള്ള സർട്ടിഫിക്കറ്റും വാർഷിക വരുമാന സർട്ടിഫിക്കറ്റും.

**Contd....2**

Scanned by CamScanner

<u>സഹകരണ നിയമം ചട്ടം 188(എ)(4), (5)</u>

<u>188(എ)(4)</u>:- തൊഴിൽ രഹിതനായ അപേക്ഷകൻ/അപേക്ഷക അവരുടെ ഭാര്യ/ഭർത്താവും തൊഴിൽരഹിതനാണ് എന്നതും അപേക്ഷകൻ/അപേക്ഷകയാണ് പരേതൻെറ മറ്റ് ആശ്രിതരെ സംരക്ഷിക്കുന്നത് എന്നതും സംബന്ധിച്ച് തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്.

<u>188(എ)(5)</u>:- പരേതൻെറ അല്ലാത്ത യാതൊരു വരുമാനവും അപേക്ഷൻ/അപേക്ഷകയ്ക്ക് ഇല്ല എന്ന് തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് (വിവാഹിതനായ അപേക്ഷകൻെറ/അപേക്ഷകയുടെ ജീവിതപങ്കാളിയും മേൽ പരേതൻെറ വരുമാനത്തെ ആശ്രയിച്ചാണ് ജീവിച്ചിരുന്നത് എന്നുമുള്ള അപേക്ഷൻ/അപേക്ഷക താമസിക്കുന്ന താലൂക്കിലെ തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ വരുമാന സർട്ടിഫിക്കറ്റ്).

**അപേക്ഷകൾ റീജിയണിൽ ലഭിക്കുമ്പോൾ ആവശ്യമായ എല്ലാ രേഖകളും ഉണ്ട് എന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രം ഹെഡോഫീസിലേക്ക് ശുപാർശ ചെയ്യേണ്ടതാണ്. മുഴുവൻ രേഖകളും ഇല്ലാതെ ഹെഡോഫീസിലേക്ക് അയക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്നതല്ല. ഈ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണെന്ന് അറിയിക്കുന്നു.**

**മാനേജിംഗ് ഡയറക്ടർ**

To

1. എല്ലാ റീജിയണൽ മാനേജർമാർക്കും

പകർപ്പ്:

1. എല്ലാ വകുപ്പ്മേധാവികൾക്കും
2. ജനറൽ മാനേജർ
3. ചെയർമാൻെറ മേശപ്പുറത്ത് അറിവിലേക്കായി

Scanned by CamScanner